## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 1646

11.02.2013 - ലെ മറുപടിയ്ക്ക്

### ന്യൂനപക്ഷ വനിതാ സ്വയംസഹായസംഘം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ന്യൂനപക്ഷ വനിതകൾക്കായി സ്വയംസഹായ സംഘം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത സംഘങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;<br><br>(സി) പ്രസ്തുത സംഘം വഴി ധനസഹായം ലഭിക്കുന്നത് ആർക്കെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും (സി) യും<br>ന്യൂനപക്ഷ വനിതകൾക്ക് മാത്രമായി സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതും എഴുപത് ശതമാനമെങ്കിലും ന്യൂനപക്ഷ വനിതകൾ അംഗങ്ങളുമായ അംഗീകൃത വനിതാ സ്വയം സഹായ സംഘങ്ങൾ, നൈബർഹുഡ് ഗ്രൂപ്പുകൾ, എൻ.ജി.ഒ.കൾ എന്നിവയിൽ നിന്നും അതാത് പ്രദേശത്തെ വിഭവ സ്രോതസ്സുകൾക്കും വിപണന സാധ്യതകൾക്കും അനുയോജ്യമായതും വിജയ സാധ്യതയുള്ളതുമായ സ്വയം സംരംഭക പദ്ധതികൾ ക്ഷണിക്കുകയും പദ്ധതികൾ പരിശോധിച്ച് തെരഞ്ഞെടുക്കപ്പെടുന്നവയ്ക്ക് പദ്ധതി ചെലവിന്റെ പകുതിയോ, രണ്ടര ലക്ഷം രൂപയോ ഏതാണ് കുറവ് അത് സാമ്പത്തിക സഹായമായി നൽകുന്ന ഒരു പദ്ധതി നിർവ്വഹണഘട്ടത്തിലാണ്. സംസ്ഥാനത്തൊട്ടാകെ ആദ്യഘട്ടത്തിൽ അൻപത് സ്വയം സഹായ സംഘങ്ങൾക്ക് സഹായം നൽകാനാണ് വകുപ്പ് ആലോചിക്കുന്നത്. പദ്ധതി ചെലവിന്റെ അഞ്ച് ശതമാനം അംഗങ്ങളുടെ വിഹിതമായിരിക്കണം. ബാക്കി തുക ബാങ്ക് ലോൺ വഴി കണ്ടെത്തണം. ഇപ്പോൾ സർക്കാരിന്റെയോ, മറ്റ് സർക്കാർ ഏജൻസികളുടേയോ സാമ്പത്തിക സഹായത്തോടെ ഏതെങ്കിലും സംരംഭക പദ്ധതികളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും പദ്ധതികൾ പരിഗണിക്കുന്നതല്ല. കുടുംബശ്രീയുടെ സഹായത്തോടെയാണ് പദ്ധതികൾ നടപ്പിൽ വരുത്തുക. ഇതുമായി ബന്ധപ്പെട്ട പരിശീലനവും കുടുംബശ്രീയുടെ സഹായത്തോടെ നൽകുന്നതാണ്, ന്യൂനപക്ഷ ജനസംഖ്യാനുപാതത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകൾക്കും പദ്ധതികൾക്ക് പ്രാതിനിധ്യം നൽകുന്നുണ്ട്, പ്രോജക്ടുകൾ പരിശോധിക്കുന്നതും പരിശീലനം നൽകുന്നതും മേൽനോട്ടം വഹിക്കുന്നതും കുടുംബശ്രീ വഴിയാണ്, ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമായിരിക്കും തെരഞ്ഞെടുക്കപ്പെടുന്ന സ്വയം സഹായ സംഘങ്ങൾ പ്രവർത്തിക്കുക, |

സെക്ഷൻ ഓഫീസർ